**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 2873**

**10.05.2017 - ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പയിന്മേൽ ജപ്തി നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിദ്യാഭ്യാസ വായ്പ എടുത്ത് പഠിക്കുകയും തുടർന്ന് തൊഴിൽ ലഭിക്കാതെ വന്നതുമൂലമോ, കുടുംബത്തിന്റെ സാമ്പത്തിക തകർച്ച മൂലമോ വായ്പ കുടിശ്ശിക തിരിച്ചടയ്ക്കാൻ കഴിയാതെ വരികയും ചെയ്തവരുടെ മേൽ ബാങ്ക് സ്വീകരിച്ചു വരുന്ന ജപ്തി ഒഴിവാക്കാനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (എഡ്യൂക്കേഷൻ ലോൺ റീ-പേയ്മെന്റ് സപ്പോർട്ട് സ്കീം) ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിക്ക് 26.04.2017 ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 01.04.2016 ന് മുമ്പ് വായ്പാതിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br><br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (എൻ.പി.എ) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് സർക്കാർ സഹായം നൽകുന്നതാണ്. |

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കേ ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ.
- മാനേജ്മെന്റ് / എൻ.ആർ.ഐ ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.
- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.
- 01.04.2016 ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്കെ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

Deep

സെക്ഷൻ ഓഫീസർ